**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം 101** — **11.07.2016-ൽ മറുപടിക്ക്**

## കടൽ സുരക്ഷാ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ.എസ്. ശർമ്മ**<br>**ശ്രീ. എം നൗഷാദ്**<br>**ശ്രീ. സി. കെ ശശീന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ)) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിൽ മുൻ സർക്കാർ വീഴ്ച വരുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച "സംയോജിത കടൽ സുരക്ഷാ പദ്ധതി" നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ നടപടി സ്വീകരിച്ചിരുന്നോയെന്ന് വിശദമാക്കാമോ; | (ബി) | 2012–13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംയോജിത കടൽ സുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 33 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി 22.05 കോടി രൂപ കേന്ദ്ര വിഹിതവും 4.25 കോടി രൂപ സംസ്ഥാന വിഹിതവും 6.7 കോടി രൂപ ഗുണഭോക്തൃ വിഹിതവുമായി സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ചിരുന്നുവെങ്കിലും ടി പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| (സി) | കടൽ സുരക്ഷയ്ക്ക് ഉതകുന്ന ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കടൽ സുരക്ഷ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷൻ ഇല്ലാത്ത നാല് തീരദേശ ജില്ലകളിൽ കൂടി നബാർഡിന്റെ സഹായത്തോടെ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും മറൈൻ ആംബുലൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു. ഇതു കൂടാതെ 300 മത്സ്യബന്ധന ബോട്ടുകളിൽ ഓട്ടോമാറ്റിക് വെസ്സൽ ഐഡന്റിഫിക്കേഷൻ (AIS) സംവിധാനം ആദ്യ ഘട്ടമായി ഏർപ്പെടുത്തും. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ മുഴുവൻ ബോട്ടുകൾക്കും AIS ഏർപ്പെടുത്തുന്നതിന് പദ്ധതിയാവിഷ്കരിക്കുന്നതാണ്. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരമുള്ള കളർ കോഡിംഗ് എല്ലാ ബോട്ടുകൾക്കും പ്രാബല്യത്തിൽ വരുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ